




## കോടതിജീവനക്കാരിയുടെ മാല കോടതിയിൽവെച്ച് മോഷ്ടിച്ചയാളെ 18 വർഷങ്ങൾക്കുശേഷം പിടികൂടി

കോടതിജീവനക്കാരിയുടെ മാല കോടതിയിൽവെച്ച് മോഷ്ടിച്ചയാളെ 18 വർഷങ്ങൾക്കുശേഷം പിടികൂടി. കൊല്ലം കൊട്ടാരക്കര മൈലം തേക്കടത്തുവീട്ടിൽ ശ്രീകാന്തിനെയാണ് പോലീസ് പിടികൂടിയത്. പിടികിട്ടാപ്പുള്ളികൾക്കുവേണ്ടി രൂപവത്കരിച്ച സ്പെഷ്യൽ സ്ക്വാഡ് ചെന്നൈയിൽനിന്നാണ് അറസ്റ്റ് ചെയ്തത്.

2002-ലാണ് കേസിനാസ്പദമായ സംഭവം. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മൂന്നിലെ ടൈപ്പിസ്റ്റായ അജിതകുമാരിയുടെ മാലയാണ് കോടതിവളപ്പിൽ നിന്ന് ശ്രീകാന്ത് പിടിച്ചുപറിച്ചത്. രക്ഷപ്പെടാൻ ശ്രമിച്ച ഇയാളെ അന്ന് പിടികൂടി റിമാൻഡ് ചെയ്തിരുന്നു. പിന്നീട് ജാമ്യത്തിലിറങ്ങി ഒളിവിൽപ്പോവുകയായിരുന്നു.



# പിടികിട്ടാപ്പുള്ളി 18 വർഷങ്ങൾക്ക് ശേഷം അറസ്റ്റിൽ

**ഒളിവിൽ കഴിഞ്ഞ പ്രതി മൂന്ന് വിവാഹം കഴിച്ചു**

പാലക്കാട്: പാലക്കാട് കോടതി ജീവനക്കാരിയുടെ മാല കോടതിയിൽ വച്ചു മോഷ്ടിച്ച പ്രതിയെ 18 വർഷങ്ങൾക്കു ശേഷം പൊലീസ് പിടികൂടി.

കൊല്ലം കൊട്ടാരക്കര മൈലം തേക്കേടത്തു വീട്ടിൽ സത്യന്റെ മകൻ ശ്രീകാന്തിനെയാണ് പാലക്കാട് ജില്ലാ പൊലീസ് സ്പെഷ്യൽ സ്ക്വാഡ് ചെന്നൈയിൽ നിന്ന് പിടികൂടിയത്. മോഷണം നടത്തി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ അന്ന് പിടികൂടി റിമാൻഡ് ചെയ്തെങ്കിലും ഇയാൾ പിന്നീട് ജാമ്യത്തിൽ ഇറങ്ങി ഒളിവിൽ പോവുകയായിരുന്നു.

ഇതിനിടയിൽ പ്രതി മൂന്ന് വിവാഹങ്ങൾ കഴിച്ചു. തിരിച്ചറിയാതിരിക്കാൻ പ്രതിയുടെ പേരുകൾ അജിത് ജോസഫ്, അജിത് കുമാർ എന്നിങ്ങനെ മാറ്റുകയും ചെയ്തതായി പൊലീസ് പറയുന്നു.

ഇയാളുടെ ശരിയായ സ്ഥലം കൊല്ലം ജില്ലയിലെ മുണ്ടയ്ക്കൽ ആണെന്നും കുറ്റം ചെയ്യുന്ന സമയം കൊട്ടാരക്കരയുള്ള സ്ത്രീയെ വിവാഹം കഴിക്കുകയും അവിടുത്തെ വിലാസം നൽകുകയും ചെയ്ത ഇയാൾ പിന്നീട് എറണാകുളം പെരുമ്പടപ്പ്, ചെന്നൈ എന്നിവിടങ്ങളിൽ നിന്ന് വിവാഹം കഴിക്കുകയും അവിടുത്തെ മേൽ വിലാസങ്ങൾ സ്വീകരിക്കുകയും ചെയ്തു. പൊലീസ് ഇയാളെ അന്വേഷിച്ചു ചെന്നപ്പോൾ നാലാമത്തെ വിവാഹം കഴിക്കുവാനുള്ള ഒരുക്കത്തിലായിരുന്നു.

കൊല്ലം, എറണാകുളം, ചെന്നൈ എന്നിവിടങ്ങളിൽ സാമ്പത്തിക തട്ടിപ്പുകളും വിസ തട്ടിപ്പുകളും നടത്തിയതായും പൊലീസ് പറയുന്നുണ്ട്. ഡി.വൈ.എസ്.പി കെ.എൽ രാധാകൃഷ്ണൻ നേതൃത്വം നൽകുന്ന ജില്ലാ എൽ.പി സ്ക്വാഡ് ടീമിലെ പൊലീസുകാരായ ദീപു, സലാവുദ്ദീൻ, റിയാസ്, രവി എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

ശ്രീകാന്ത് കൊല്ലം മുണ്ടയ്ക്കൽ സ്വദേശിയാണ്. ആദ്യം പിടിയിലായ സമയത്ത് കൊട്ടാരക്കരയുള്ള ഭാര്യവീടിന്റെ വിലാസമാണ് നൽകിയത്. പിന്നീട് എറണാകുളം പെരുമ്പടപ്പ്, ചെന്നൈ എന്നിവിടങ്ങിൽനിന്ന് വിവാഹംകഴിച്ച് അവിടത്തെ മേൽ വിലാസങ്ങളും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം, എറണാകുളം, ചെന്നൈ എന്നിവിടങ്ങളിൽ നിരവധി സാമ്പത്തികതട്ടിപ്പുകളും വിസ തട്ടിപ്പുകളും നടത്തിയിട്ടുണ്ട്.

ഡി.സി.ആർ.ബി. ഡിവൈ.എസ്.പി. കെ.എൽ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ പോലീസുകരായ ദീപു, സലാവുദ്ദീൻ, റിയാസ്, രവി എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

........................................................................................................................................

